(ബി) ഓരോ വിഭാഗങ്ങളിലും ജോലി ചെയ്യുന്ന ഡോക്ടർമാരുടെ കണക്ക് താഴെ കൊടുക്കുന്നു:

മെഡിസിൻ വിഭാഗം	..	3
സർജറി വിഭാഗം	..	2
പ്രസവ വിഭാഗം	..	4
അനസ്തേഷ്യ വിഭാഗം	..	1
കുട്ടികളുടെ വിഭാഗം	..	4
കണ്ണ്	..	2
ഇ.എൻ.റ്റി.	..	3
മാനസികരോഗ വിഭാഗം	..	ഇല്ല
ത്വക്രോഗ വിഭാഗം	..	ഇല്ല
അസ്ഥിരോഗ വിഭാഗം	..	2
റേഡിയോളജി	..	1
പൊതു വിഭാഗം	..	5
ദന്തരോഗ വിഭാഗം	..	1 (കരാർ വ്യവസ്ഥയിൽ)
ആകെ	..	28

(സി) 469 തസ്തികകൾ.

(ഡി) ഉത്തരം അനുബന്ധമായി വച്ചിരിക്കുന്നു.†

നബാർഡിന്റെ ധനസഹായത്തോടെ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്ന ഇടുക്കി ജില്ലയിലെ പി.എച്ച്.സി.-കൾ

127 [1704] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പി.എച്ച്.സി.-കൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നവീകരണ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഇടുക്കി ജില്ലയിൽ നിന്നും താഴെ പറയുന്ന 11 പി.എച്ച്.സി.-കൾ നബാർഡിന്റെ ധനസഹായത്തോടുകൂടിയുള്ള നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്:

1. പി.എച്ച്.സി., ബൈസൺവാലി
2. പി.എച്ച്.സി., ഇടവെട്ടി
3. പി.എച്ച്.സി., കഞ്ഞിക്കുഴി (തല്ലക്കാനം)
4. പി.എച്ച്.സി., കരിങ്കുന്നം
5. പി.എച്ച്.സി., കോടികുളം
6. പി.എച്ച്.സി., മണക്കാട്
7. പി.എച്ച്.സി., മാങ്കുളം
8. പി.എച്ച്.സി., തട്ടക്കുഴ
9. പി.എച്ച്.സി., ഉദംപനൂർ
10. പി.എച്ച്.സി., വാഴത്തോപ്പ്
11. പി.എച്ച്.സി., വെള്ളത്തൂവൽ

പ്രസ്തുത നിർദ്ദേശങ്ങൾ (കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങലും) നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ നബാർഡിന്റെ അന്തിമമായ അംഗീകാരം ലഭിച്ചിട്ടില്ല.

(സി) നബാർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ (സബ്സെന്ററുകൾ, പി.എച്ച്.സി.-കൾ, സി.എച്ച്.സി.-കൾ) അടിസ്ഥാന സൗകര്യ വികസനത്തിനായി (കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങുന്നതും) ഒരു പദ്ധതി ആവിഷ്ക്കരിച്ച് മേൽ പ്രസ്താവിച്ച 11 പ്രൊപ്പോസലുകൾ ഉൾപ്പെടെ 435 പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അന്തിമമായ അംഗീകാരം ലഭിച്ചാൽ മാത്രമേ സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ലോകബാങ്ക് പദ്ധതിപ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളുടെ പുനരുദ്ധാരണം

128 [1705] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് പദ്ധതിപ്രകാരം പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട ചുനക്കര പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ചുനക്കര പി.എച്ച്.സി., പടനിലം പി.എച്ച്.സി. എന്നിവ അടിയന്തിരമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly